## പാഠം 18

# സത്യദൈവത്തെ വെളിപ്പെടുത്തിയ മന്ത്രി

**പാഠോദ്ദേശ്യം** : യഥാർത്ഥ സേവകരെ ദൈവം ഏതു ശോധനയിൽ നിന്നും വിടുവിക്കും

**പാഠഭാഗം :** ദാനിയേൽ 6-ാം അദ്ധ്യായം

**മനഃപാഠം :** സങ്കീ. 34:8

“യഹോവ നല്ലവൻ എന്ന് രുചിച്ചറിവിൻ.”

പാഠം

തീച്ചൂളയിൽ നിന്നും രക്ഷപെട്ട ബാലന്മാരുടെ കഥ നിങ്ങൾ ഓർക്കുന്നുണ്ടല്ലോ. രാജാവ് പിടിച്ചുകൊണ്ടുപോയ അടിമകളുടെ കൂട്ടത്തിൽ മറ്റൊരു ബാലനുംകൂടി ഉണ്ടായിരുന്നു. അവന്റെ പേര് ’ദാനിയേൽ’ എന്നായിരുന്നു. ദാനിയേൽ നല്ല അറിവുള്ളവനും ദൈവഭക്തനും ഒരു പ്രാർത്ഥനാ മനുഷ്യനും ആയിരുന്നു. രാജാവിന് ദാനിയേലിനെ വളരെ ഇഷ്ടമായിരുന്നു. രാജാവ് ദാനിയേലിനെ പ്രധാന മന്ത്രിമാരിൽ ഒരുവനാക്കി നിയമിച്ചു.



ദാനിയേലിന് ഉണ്ടായ ഉയർച്ചയിൽ കൂട്ടു ഉദ്യോഗസ്ഥന്മാർ വളരെയധികം അസൂയാലുക്കളായി. എങ്ങനെയെങ്കിലും ദൈവഭക്തനായ ഈ മനുഷ്യനെ നശിപ്പിക്കണമെന്ന് അവർ ചിന്തിച്ചു. അതിന് അവർ ഒരു സൂത്രം പ്രയോഗിച്ചു. അതായത് മുപ്പത് ദിവസത്തേ

## Lesson 18

# THE ADMINISTRATOR WHO REVEALED THE TRUE GOD

**Learning Objectives** : God will rescue his servants from any kind of difficulty

**Passage for Study** : Daniel 6

**Memory Verse** : Psalm 34:8 –
Taste and see that the Lord is good.

**Lesson**

You might remember the story of the young men who escaped the furnace. There was another young man among the exiles who were taken as slaves to Babylon. His name was Daniel. He was wise and God-fearing and a man of prayer. The king was very fond of Daniel. Now Daniel so distinguished himself among the administrators and the satraps by his exceptional qualities that the king planned to set him over the whole kingdom. He appointed him as one of the chief administrators.

The other officials of the king were very jealous that Daniel got such a high position in the kingdom. They could find no corruption in him, because he was trustworthy and neither corrupt nor negligent. They planned to destroy the life of this righteous man. They had an idea. They decided that there should

ക്ക് രാജാവിനോടു മാത്രമേ പ്രാർത്ഥിക്കാവൂ അല്ലാത്തവരെ സിംഹങ്ങളുടെ ഗുഹയിൽ ഇട്ടു കളയും എന്നൊരു കല്പന രാജാവിനെക്കൊണ്ട് അവർ പുറപ്പെടുവിച്ചു.

ദാനിയേൽ യഹോവയായ ദൈവത്തോടല്ലാതെ രാജാവിനോട് പ്രാർത്ഥിക്കയില്ലെന്ന് അവർക്ക് നന്നായി അറിയാമായിരുന്നു. ശത്രുക്കൾ വിവരം രാജാവിനെ അറിയിച്ചു. മനസ്സില്ലാ മനസ്സോടെ വിശ്വസ്ത സേവകനായ ദാനിയേലിനെ രാജാവ് സിംഹങ്ങളുടെ ഗുഹയിലേക്കു തള്ളി. പക്ഷേ ദാനിയേൽ ഒട്ടും ഭയപ്പെടാതെ ദൈവത്തോടു പ്രാർത്ഥിച്ചു.

be a new law that everyone in the kingdom should pray to the king only for the next 30 days. Anyone who does not obey the king's command would be thrown in the den of lions. So King Darius put the decree in writing.

The enemies of Daniel knew that he would pray to none other than the Lord God. They informed the king of Daniel's disobedience of the king's edict. Hesitantly, the king ordered to put Daniel in the lions' den. But Daniel continued to pray to his God.



The enemies of Daniel thought that this was the end of Daniel. But the king became

ദാനിയേലിന്റെ കഥ കഴിഞ്ഞു എന്ന് ശത്രുക്കൾ ചിന്തിച്ച് സന്തോഷിച്ചു. പക്ഷേ രാജാവിന് ഇതു വളരെ സങ്കടമുളവാക്കി. രാജാവ് രാത്രിയിൽ ഉറങ്ങിയില്ല. അതിരാവിലെ രാജാവ് ബദ്ധപ്പെട്ട് എഴുന്നേറ്റ് ഗുഹയുടെ വാതിൽക്കൽ വന്ന് ദാനിയേലേ ദാനിയേലേ എന്ന് വിളിച്ചു. ദാനിയേൽ വിളികേട്ടു. രാജാവിന് വളരെയധികം സന്തോഷമുണ്ടായി. ഉടനെ ഭൃത്യന്മാരെ വിളിച്ച് ദാനിയേലിനെ കുഴിയിൽ നിന്ന് കയറ്റി. എന്തൊരത്ഭുതം ഒരു പോറൽ പോലും അദ്ദേഹത്തിനുണ്ടായില്ല. ചതി മനസ്സിലാക്കിയ രാജാവ് ദാനിയേലിന് എതിരെ ആരോപണമുന്നയിച്ച സകലരെയും കുഴിയിൽ ഇടുവാൻ കല്പിച്ചു. അവരെയെല്ലാം സിംഹങ്ങൾ തിന്നുകളഞ്ഞു.

**ദാനിയേലിനെ തൊടാതെ സിംഹങ്ങളുടെ വായ് അടപ്പിച്ചവനായ ദൈവത്തെ രാജാവ് സ്തുതിച്ചു. ദാനിയേലിന്റെ ദൈവമാണ് സത്യദൈവമെന്ന് രാജാവ് വിളംബരം ചെയ്തു. ദാനിയേലിന്റെ ദൈവത്തെ ആരാധിക്കുവാൻ കല്പന പുറപ്പെടുവിക്കുകയും ചെയ്തു.**

very worried for Daniel. He did not sleep at night. At the first light of dawn, the king got up and hurried to the lions' den. When he came near the den, he called to Daniel in an anguished voice. Daniel heard the king calling him. The king was overjoyed and gave orders to lift Daniel out of the den. And when Daniel was lifted from the den, no wound was found on him, because he had trusted in his God. At the king's command, the men who had falsely accused Daniel were brought in and thrown into the lions' den, along with their wives and children. And before they reached the floor of the den, the lions overpowered them and crushed all their bones.

**The king praised the God of Daniel who protected Daniel from the mouth of the lions. The king decreed that the God of Daniel is the true God. He passed an edict that everyone should worship the God of Daniel.**


ചോദ്യങ്ങൾ

1. സിംഹക്കുഴിയിൽ ഇട്ടത് ആരെ?
2. സിംഹങ്ങളുടെ വായ് അടച്ചതാര്?

1. Who was thrown into the den of the lions?
2. Who shut the mouth of the lions?


Questions